## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6438   11.07.2012 -ൽ മറുപടിയ്ക്ക്

**കേരള ചിട്ടി ഫണ്ട് നിയമങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.ഹൈബി ഈഡൻ | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | കേരള ചിട്ടി ഫണ്ട് നിയമങ്ങൾ വിജ്ഞാപനം ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | 1982 ലെ ചിറ്റ് ഫണ്ട്സ് ആക്ടിനു കീഴിൽ 2012 ലെ കേരള ചിറ്റ് ഫണ്ട്സ് റൂൾസ് 04.06.2012 -ാം തീയതിയിലെ ജി.ഒ.(പി) നം. 94/12/ടിഡി നമ്പർ സർക്കാർ ഉത്തരവിലൂടെ വിജ്ഞാപനം ചെയ്തിട്ടുണ്ട്. വിജ്ഞാപനം 57-ാം വാല്യം 1159-ാം നമ്പർ അസാധാരണ ഗസറ്റായി 05.06.2012നു പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | ചിട്ടി ആരംഭിക്കുന്നതിനും നടത്തുന്നതിനുമുള്ള പ്രധാന വ്യവസ്ഥകൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | ചിറ്റ് ഫണ്ട്സ് ആക്ട് 4(1) വകുപ്പു പ്രകാരം മുൻകൂർ അനുമതി ലഭിച്ചാൽ മാത്രമേ ചിട്ടി ആരംഭിക്കുകയോ നടത്തുകയോ ചെയ്യുവാൻ പാടുള്ളു. 8-ാം വകുപ്പു പ്രകാരം കമ്പനി ആണ് ചിട്ടി ബിസിനസ്സ് നടത്തുന്നത് എങ്കിൽ 1 ലക്ഷം രൂപയിൽ കുറയാത്ത മൂലധനം ഉണ്ടായിരിക്കണം. ചിട്ടി ബിസിനസ്സ് നടത്തുന്ന സ്ഥാപനത്തിന്റെ പേരിനോട് കൂടി ചിറ്റ്, ചിറ്റ് ഫണ്ട്, ചിട്ടി, കുറി എന്നീ പേരുകളിൽ ഒന്ന് കൂട്ടിചേർക്കേണ്ടതാണ്. ആകെ ചിട്ടി തുക സംബന്ധിച്ച് 13-ാം വകുപ്പിലേയും സെക്യൂരിറ്റി സംബന്ധിച്ച് 20-ാം വകുപ്പിലേയും വ്യവസ്ഥകൾ പാലിക്കപ്പെടേണ്ടതാണ്. |
| (സി) | ഇതിന് എന്നുമുതലാണ് പ്രാബല്യം നൽകിയിട്ടുള്ളത് ? | (സി) | 1982 ലെ ചിറ്റ് ഫണ്ട്സ് ആക്ടിന് കേരളത്തിൽ 30.4.2012 മുതൽ പ്രാബല്യം ഉണ്ട്. അതിന്റെ കീഴിൽ ഉണ്ടാക്കിയ 2012 ലെ കേരള ചിറ്റ് ഫണ്ട്സ് റൂൾസിന് വിജ്ഞാപന തീയതി ആയ 04.06.2012 മുതൽ പ്രാബല്യം ഉണ്ട്. |

സെക്ഷൻ ഓഫീസർ